©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഏപ്രിൽ 6<br>6th April 2021<br>1196 മീനം 23<br>23rd Meenam 1196<br>1943 ചൈത്രം 16<br>16th Chaithra 1943 | നമ്പർ<br>No. 14 |

# PART III
# Police Department

### ലേലപ്പരസ്യം

നമ്പർ ഇ3-27757/2020/റ്റി. 2021 മാർച്ച് 23.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ കാട്ടാക്കട പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിന്നിരുന്ന 2 മഹാഗണി മരങ്ങളുടെ ശിഖരങ്ങൾ കഷ്ണങ്ങളായി മുറിച്ച് സൂക്ഷിച്ചിരിക്കുന്നത് ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനായി 24-4-2021 രാവിലെ 11 മണിക്ക് പരസ്യമായി ലേലം ചെയ്തു കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യസമയത്ത് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് താഴെ പറയുന്ന പ്രകാരം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.

| ക്രമ നമ്പർ | മരം | ചുറ്റളവ് (in cm) | നീളം (in cm) | നിരതദ്രവ്യം ₹ |
|---|---|---|---|---|
| 1 | മഹാഗണി കഷ്ണം | 100 | 145 | 140 |
| 2 | മഹാഗണി കഷ്ണം | 100 | 166 | 1,700 |
| 3 | മഹാഗണി കഷ്ണം | 120 | 155 | 220 |
| 4 | മഹാഗണി കഷ്ണം | 80 | 160 | 300 |
| | ആകെ | | | 2,360 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 23-4-2021-ാം തീയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ലാ എ. ആർ. ക്യാമ്പ് അസിസ്റ്റന്റ് കമാണ്ടിന്റെ ഓഫീസിൽ കിട്ടത്തക്കവണ്ണം നൽകാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനുശേഷം തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലത്തുകയുടെ പകുതി ലേലസ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും ലേലത്തുകയുടെ 5% വനവികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% ജി.എസ്.ടി.-യും ലേല തുകയുടെ 1% പ്രളയ സെസ്സും ഉൾപ്പെടെ ലേലം ഉറപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടയ്ക്കേണ്ടതും മരം സ്വന്തം ചിലവിൽ മുറിച്ചുമാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതും മുൻതുകയേക്കാൾ കൂടുതൽ കിട്ടിയാൽ

ആയതിന്മേൽ ടിയാന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. മേൽപ്പറഞ്ഞ മരങ്ങൾ പ്രവൃത്തിദിവസങ്ങളിൽ കാട്ടാക്കട ISHO-യുടെ അനുവാദത്തോടെ രാവിലെ 10-നും 5-നും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ജില്ലാ പോലീസ് ആഫീസറുടെ
കാര്യാലയം, മധു, പി. കെ., ഐ.പി. എസ്,
തിരുവനന്തപുരം. ജില്ലാ പോലീസ് മേധാവി.

---

## ലേല പരസ്യം

(1)

നമ്പർ ഇ2(എ)-11077/2020/ഇ. 2021 മാർച്ച് 11.

എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ളതും കളമശ്ശേരി സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഉപയോഗ്യശൂന്യമായ 564 ടയർ, 135 ട്യൂബ്സ് 13 ഫ്ളാപ്സ് എന്നിവ 2021-ാം മാണ്ട് ഏപ്രിൽ മാസം 21-ാം തീയതി രാവിലെ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് ₹ 3,554 നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ആയത് കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റ് കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റിന്റെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ "മോട്ടോർ വാഹനങ്ങളുടെ ഉപയോഗിച്ച ടയർ, ട്യൂബ്, ഫ്ളാപ്സ് എന്നിവയുടെ ലേലത്തിൽ പങ്കെടുക്കാനുള്ള ടെണ്ടർ" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്.

ലേലം കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻ തന്നെ ലേലത്തുക മുഴുവനായി (നികുതി ഉൾപ്പെടെ) നിരതദ്രവ്യവും കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതും ആയിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. മറിച്ച് ലാഭമുണ്ടാക്കുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും. ലേല വസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കളമശ്ശേരി സായുധസേനാ കമാണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

(2)

നമ്പർ ഇ2(എ)-60099/2020/ഇ. 2021 മാർച്ച് 18.

എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കളമശ്ശേരി സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും ഡിപ്പാർട്ട്മെന്റിന് ഉപയോഗ്യമല്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 15-4-2021-ാം തീയതി രാവിലെ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | മോഡൽ | നിരതദ്രവ്യം ₹ |
|---|---|---|---|
| 1 | KL 01 AX 7426 Tata Winger | 2010 | 4,000 |
| 2 | KL 01 BB 7994 Tata Safari | 2007 | 45,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മുകളിൽ കാണിച്ചിട്ടുള്ള നിരതദ്രവ്യ തുക നിരതദ്രവ്യമായി കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റ് കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ കളമശ്ശേരി അസിസ്റ്റന്റ് കമാണ്ടന്റിന്റെ കാര്യാലയത്തിൽ സ്വീകരിക്കുന്നതും ദർഘാസിൽ "ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ" എന്ന് വ്യക്തമായി എഴുതേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്.

ലേലം കഴിഞ്ഞാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ടയാൾ ഉടൻ തന്നെ ലേലത്തുകയുടെ പകുതി സംഖ്യയും (നികുതി ഉൾപ്പെടെ) നിരതദ്രവ്യവും കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതും ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള ആളാണെങ്കിൽ രജിസ്ട്രേഷൻ നമ്പർ ഏൽപ്പിക്കേണ്ടതുമാണ്. ലേലം കഴിഞ്ഞു 7 ദിവസത്തിനകം ലേല തുക മുഴുവൻ അടക്കേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാക്കുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും.

ലേല വസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കളമശ്ശേരി സായുധസേനാ കമാണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ജില്ലാ പോലീസ് ഓഫീസ്, (ഒപ്പ്)
എറണാകുളം റൂറൽ. കാർത്തിക്, കെ., ഐ.പി.എസ്.,
ജില്ലാ പോലീസ് മേധാവി.